അധ്യായം 101

**അൽ ഖാരിഅ** ( ഘോരസംഭവം)

അവതരണം. മക്കയിൽ, വചനങ്ങൾ 11

അധ്യായ പരിചയം:

ഘോരസംഭവം എന്നാണ് ഈ അധ്യായനാമത്തെ ഭാഷാന്തരം ചെയ്തിട്ടുള്ളത്. അധ്യായത്തിൻെറ ഉള്ളടക്കവും അതെ സംബന്ധിച്ച പരാമർശങ്ങളാണ്. മനുഷ്യനെ സംബന്ധിച്ചിടത്തോളം തികച്ചും വിപൽക്കരമായ സംഗതിയാണ് ലോകാന്ത്യം. പ്രവാചകൻ മുഹമ്മദ്(സ)യുടെ പ്രവാചകത്വത്തിൻെറ ആദ്യനാളുകളിൽ മക്കയിലാണ് ഈ അധ്യായം അവതരിച്ചത്. അന്ത്യദിനത്തെയും അതിൽ സംഭവിക്കുന്ന മറ്റു സംഭ്വങ്ങളെയും പരലോകത്തെ വിചാരണകളെയുമാണ് ഇത് അഭിസംബോധിതരെ പരിചയപ്പെടുത്തുന്നത്. ഈ അധ്യായത്തിലൂടെ മനുഷ്യനെ അത് ബോധ്യപ്പെടുത്തുന്നത് തൻെറ ബുദ്ധിയും വിവേകവും ഉപയോഗിച്ച് ഏകദൈവത്തെ അംഗീകരിച്ചു ജീവിക്കുകയും അവൻെറ തേട്ടത്തിനനുസൃതമായി നന്മ പ്രവർത്തിക്കുകയും ചെയ്യണമെന്നാണ്. മനുഷ്യരുടെ പാരത്രികസൗഭാഗ്യം നിലകൊള്ളുന്നത് അത്തരം ജീവിതത്തിലാണെന്ന് അത് മനുഷ്യബുധിക്കു മുമ്പിൽ ബോധിപ്പിക്കുന്നു.

അർഥം:

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

| | | |
|---|---|---|
| ഭയങ്കരാമയ ആ സംഭവം | അൽഖാരിഅ | الْقَارِعَةُ |
| ഭയങ്കരമായ സംഭവം എന്താകുന്നു? | മൽ ഖാരിഅ | مَا الْقَارِعَةُ |
| നിനക്കറിയുമോ? | വമാ അദ്റാക | وَمَا أَدْرَاكَ |
| ഭയങ്കരമായ സംഭവം എന്താണെന്ന് | മൽ ഖാരിഅ | مَا الْقَارِعَةُ |
| മനുഷ്യർ ആകുന്ന ദിവസം | യൗമ യകൂനുന്നാസു | يَوْمَ يَكُونُ النَّاسُ |
| പാറ്റയെപ്പോലെ | കൽ ഫറാശിൽ | كَالْفَرَاشِ |
| ചിതറിയ | മബ്ഥൂഥ് | الْمَبْثُوثِ |
| ആകുകയും ചെയ്യും | വതകൂനു | وَتَكُونُ |
| പർവതങ്ങൾ | അൽ ജിബാലു | الْجِبَالُ |
| കമ്പിളിപോലെയും | കൽ ഇഹ്ൻ | كَالْعِهْنِ |
| കടഞ്ഞ | അൽ മൻഫൂശ് | الْمَنفُوشِ |
| എന്നാൽ ആരുടെത് (ആകുന്നുവോ) | ഫഅമ്മാ മൻ | فَأَمَّا مَن |
| ഭാരം തൂങ്ങുന്നുവോ | ഥകുലത് | ثَقُلَتْ |
| ത്രാസ് | മവാസീനുഹു | مَوَازِينُهُ |
| അവൻ | ഫഹുവ | فَهُوَ |

| | | |
|---|---|---|
| ജീവിതത്തിലായിരിക്കും | ഫീ ഈശത്തിൻ | فِي عِيشَةٍ |
| സംതൃപ്തമായ | റാദിയ | رَّاضِيَةٍ |
| എന്നാൽ ആരുടെത് (ആകുന്നുവോ) | വഅമ്മാമൻ | وَأَمَّا مَنْ |
| ഭാരം കുറയുന്നുവോ | ഖഫ്ഫത്ത് | خَفَّتْ |
| അവൻെറ ത്രാസ് | മവാസീനുഹു | مَوَازِينُهُ |
| അപ്പോൾ അവൻെറ സങ്കേതം ആകുന്നു | ഫഉമ്മുഹു | فَأُمُّهُ |
| ഹാവിയ ആകുന്നു. | ഹാവിയ | هَاوِيَةٌ |
| നിനക്കെന്തറിയാം? | വമാ അദ്റാക | وَمَا أَدْرَاكَ |
| ഹാവിയ എന്നാൽ എന്താണെന്ന് | മാ ഹിയ | مَا هِيَهْ |
| നരകാഗ്നിയത്രെ അത്. | നാറുൻ | نَارٌ |
| ചൂടേറിയ | ഹാമിയ | حَامِيَةٌ |

വചന വിശകലനം:

الْقَارِعَةُ അൽഖാരിഅ

ഘോരസംഭവം

ഖാരിഅ എന്ന വാക്കിന് ഘോരതരമായത് എന്നാണർഥം. കൂട്ടിയിടിക്കുമ്പോഴുണ്ടാകുന്ന ഘോരശബ്ദത്തെ അത് സൂചിപ്പിക്കുന്നു. അന്ത്യനാളിനെ സൂചിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ വാക്കിവിടെ ഉപയോഗിച്ചിട്ടുള്ളത്. വിപൽക്കരമായ ആ ദിനത്തെ സൂചിപ്പിക്കുന്നതിന് ഏറെ അനുയോജ്യമായ പദവും അതുതന്നെയാണ്. ആ സംഭവത്തിൻെറ ഗാംഭീര്യത്തെ സൂചിപ്പിക്കുന്നതിനുവേണ്ടിയാണ് ചോദ്യരൂപത്തിൽ രണ്ടും മൂന്നും വചനങ്ങളിൽ അത് ആവർത്തിച്ചത്. അതിന് രണ്ട് കാരണങ്ങളുണ്ട്.

ഒന്ന്, ആദികാലം മുതൽ തന്നെ മനുഷ്യൻ പറഞ്ഞുവരുന്ന സംഗതിയായതിനാൽ ഏറെക്കുറെ അതിൻെറ ഗൗരവും സ്വാധീനവും മനസ്സുകളിൽനിന്ന് നീങ്ങിയിരുന്നു. ആ വിസ്മൃതി അവരിൽനിന്നും തട്ടിക്കുടഞ്ഞ് അവരെ ജീവിതത്തിൻെറ ഗൗരവം ബോധ്യപ്പെടുത്തുന്നതിനുവേണ്ടി.

രണ്ട്, ഉയിർത്തെഴുന്നേല്പിനെയും അന്നാളിലെ വിചാരണയെയും നിഷേധിച്ചിരുന്ന ജനത്തെ അതിൻെറ സംഭാവ്യതയെ സംബന്ധിച്ച് അർഥശങ്കക്കിടയില്ലാത്ത വിധം ഉണർത്തുന്നതിനുവേണ്ടി.

يَوْمَ يَكُونُ النَّاسُ كَالْفَرَاشِ الْمَبْثُوثِ യൗമ യകൂനുന്നാസു കൽ ഫറാശിൽ മബ്ഥൂഥ്

അന്ന് ജനം ചിതറിയ ശലഭങ്ങളെപ്പോലെയാകും.

وَتَكُونُ الْجِبَالُ كَالْعِهْنِ الْمَنفُوشِ വതകൂനുൽ ജിബാലു കൽ ഇഹ്നിൽ മൻഫൂശ്

**അന്ന് പർവതങ്ങൾ കടഞ്ഞ കമ്പിളിപോലെയും ആകുന്നതാണ്.**

---

യൗം ദിവസത്തെ സൂചിപ്പിക്കുന്നു. അതായത്, മേൽ വചനങ്ങളിൽ സൂചിപ്പിച്ച ഭീകര സംഭവം ആരംഭിക്കുന്ന ദിവസം. അന്ത്യനാളിൻെറ പ്രഥമ ഘട്ടമാണിത്. അന്ന് പ്രപഞ്ചത്തിലുണ്ടാകുന്ന സംഭവവികാസങ്ങളാണ് നാലും അഞ്ചും വചനത്തിൽ വർണിച്ചിട്ടുള്ളത്. അതിൻെറ സാക്ഷാൽ രൂപം അല്ലാഹുവിനു മാത്രമേ അറിയുകയുള്ളൂ. ആ സംഭവത്തോടുകൂടി പ്രപഞ്ചഘടന തെറ്റുകയും വ്യവസ്ഥ താറുമാറാവുകയും ചെയ്യുന്നു. ഗ്രഹങ്ങളുടെ ആകർഷണശക്തി നഷ്ടപ്പെടുകയും അവ പൊടിഞ്ഞ് പാറിപറക്കുകയും ചെയ്യുന്നു. ആകാശം വിണ്ടുകീറുന്നു. ഭൂമിയുടെ ഘടനയും ആകർഷണ ശക്തിയും നഷ്ടപ്പെട്ട് അതിൻെറ ഭദ്രതക്കായി അതിൽ സ്ഥാപിച്ചിരുന്ന പർവതങ്ങൾ പാറിപറക്കുന്നു. കടലിന് തീപിടിക്കുന്നു. എല്ലാം കണ്ട് പരിഭ്രമചിത്തനായ മനുഷ്യൻ നാലു വഴിക്കും പ്രാണരക്ഷാർഥം ഓടുന്നു. ചിതറി പറക്കുന്ന പാറ്റകളോടാണ് അവരുടെ അപ്പോഴത്തെ അവസ്ഥയെ വർണിച്ചിട്ടുള്ളത്.

---

فَأَمَّا مَن ثَقُلَتْ مَوَازِينُهُ فَهُوَ فِي عِيشَةٍ رَّاضِيَةٍ ഫഅമ്മാമൻ ഥഖുലത് മവാസീനുഹു ഫഹുവ ഫീ ഈശത്തിർറാദിയ

**അന്ന് ആരുടെ ത്രാസ് ഘനം തൂങ്ങുന്നുവോ അവൻ സംതൃപ്തമായ ജീവിതത്തിലായിരിക്കും.**

وَأَمَّا مَنْ خَفَّتْ مَوَازِينُهُ فَأُمُّهُ هَاوِيَةٌ വഅമ്മാമൻ ഖഫ്ഫത്ത് മവാസീനുഹു ഫഉമ്മുഹു ഹാവിയ

**എന്നാൽ ആരുടെ ത്രാസ് ഘനം കുറയുന്നുവോ അവൻെറ സങ്കേതം ഹാവിയ ആയിരിക്കും.**

---

അന്ത്യനാളിൻെറ രണ്ടാം ഘട്ടത്തിൽ ഉണ്ടായേക്കാവുന്ന സംഭവങ്ങളെ ഇവിടെ സൂചിപ്പിക്കുന്നു. ഈ ഘട്ടത്തിലാണ് മനുഷ്യൻ ദൈവികകോടതിയിൽ ഹാജരാക്കപ്പെടുകയും വിചാരണക്ക് വിധേയനാവു കയും രക്ഷാ-ശിക്ഷകൾ ഏറ്റുവാങ്ങുകയും ചെയ്യുന്നത്. അന്നത്തെ അവസ്ഥകൾ മുമ്പിൽവെച്ച് ജനത്തെ അവിടെ രണ്ടായി തരം തിരിക്കുന്നു. വലത് പക്ഷക്കാരെന്നും ഇടത് പക്ഷക്കാരെന്നും. നന്മ ചെയ്തവരാണ് വലത് പക്ഷക്കാർ. തിന്മ ചെയ്തു ജീവിച്ചവരാണ് ഇടത് പക്ഷക്കാർ. വലത് പക്ഷക്കാർക്കായിരിക്കും അന്ന് വിജയം. അതിന് അടിസ്ഥാനം അവരുടെ കർമങ്ങളിൽ നന്മക്ക് മുൻതൂക്കം ലഭിക്കുന്നു എന്നതാണ്. അവരുടെ ജീവിതപരിണതി സ്വർഗീയമായിരിക്കും. കർമങ്ങളിൽ തിന്മക്ക് മുൻതൂക്കമാണെങ്കിൽ അവരുടെ പരിണതി നരകജീവിതവുമായിരിക്കും. മറ്റു വാക്കുകളിൽ പറഞ്ഞാൽ പരലോകജീവിത സൗഖ്യത്തിന് നിദാനമായി ഐഹികജീവിതത്തിൽ ചെയ്ത നന്മ-തിന്മകളാണ് പരിഗണിക്കപ്പെടുക. തിന്മയെ അപേക്ഷിച്ച് നന്മ അധികമുണ്ടാവുകയെന്നതാണ് പരിഗണനീയമായ സംഗതി.

മവാസീൻ എന്ന വാക്ക് മീസാൻ എന്നതിൻെറ ബഹുവചനമാണ്. ത്രാസിൻെറ രണ്ട് തട്ടുകളെ സൂചിപ്പിക്കാനാണ് ഈ വാക്ക് ഉപയോഗിക്കുന്നത്. അതായത്, പരലോക വിചാരണയിൽ മനുഷ്യകർമങ്ങളെ കണിശവും നീതിപൂർവകവുമായി തുലനം ചെയ്ത് തൂക്കിക്കണക്കാക്കിയായിരിക്കും പരിണതികളെ നിശ്ചയിക്കുക.

അല്ലാഹുവിങ്കൽ മൂല്യവത്തായ സംഗതി നന്മയാണ്. അതത്രെ അവൻ പരിഗണിക്കുകയുള്ളൂ. ആ അർഥത്തിലും ഇവിടെ മവാസീൻ എന്ന വാക്ക് ഉദ്ദേശിച്ചിട്ടുണ്ടാകാം. അതിനാലാണ് മവാസീൻ ഭാരം കൂടിയാൽ, മവാസീൻ ഭാരം കുറഞ്ഞാൽ എന്നൊക്കെ സൂചിപ്പിച്ചിട്ടുള്ളത്. അതായത്, നന്മ കൂടിയാൽ രക്ഷ, നന്മ കുറഞ്ഞാൽ ശിക്ഷ എന്ന് സാരം.

നന്മ-തിന്മകളുടെ അടിസ്ഥാനം പരലോകമോക്ഷം തന്നെയാണ്. എന്നാൽ നന്മ-തിന്മകൾ ഭൗതികജീവിതത്തിൽ പ്രയോഗവൽക്കരിക്കുന്നതിനനുസരിച്ചു മാത്രമേ അത് സ്വീകാര്യമാകുന്നുള്ളൂ. ഏകദൈവവിശ്വാസവും അതിനനുസരിച്ച കർമവും നന്മ സ്വീകാര്യമാകു

ന്നതിനുള്ള അടിസ്ഥാനങ്ങളാണ്. നന്മ തനിക്കും സമൂഹത്തിനും ഉപക രിക്കപ്പെടുന്നതു പോലെ ലോകത്തിനത് ശാന്തിദായകമാകണം.

ഏകദൈവികത എന്ന അടിസ്ഥാനത്തിൽ ഊന്നിനിന്ന് ആത്മീയജീവിതത്തിൻെറ ഭൗതികമുഖം എത്രമാത്രം ജനക്ഷേമകരമായിരുന്നുവോ അതിനനുസരിച്ചാണ് ദൈവത്തി ങ്കൽ നന്മ സ്വീകാര്യമാവുക.

ചുരുക്കത്തിൽ പരലോകവിചാരണയിൽ വിജയം സത്യത്തിനും നീതിക്കും നന്മക്കു മാണ്. അവയാകട്ടെ, ദൈവികപ്രോക്തവുമാകുന്നു. മനുഷ്യകർമങ്ങളെ സംസ്കരിക്കു ന്നതും അതിനനുസരിച്ച സംസ്കാരവും നാഗരികതയും ലോകത്ത് നിലനിർത്തു ന്നതിൽ അവനെ സഹായിക്കുന്നതിലും മരണാനന്തജീവിത വിചാരത്തിന് വലിയ സ്വാധീനമുണ്ട്.

പരലോകത്ത് ആരുടെ കർമങ്ങളിലും അവരുടെ വിചാരണയിലും അണുത്തൂക്കം അനീതിയുണ്ടാവുകയില്ല. ഇത് പരലോകവിചാരണയുടെ മാത്രം പ്രത്യേകതയാണ്. ആരോടും അല്പംപോലും അനീതി കാണിക്കുകയില്ല. അടിസ്ഥാനങ്ങളിൽനിന്ന് കൊണ്ട് ചെയ്ത ആരുടെയും ഒരു കർമവും അംഗീകരിക്കപ്പെടാതെ പോവുകയുമില്ല. അടിസ്ഥാ നങ്ങൾക്ക് വിരുദ്ധമായി ചെയ്ത ഒരു കർമവും സ്വീകരിക്കപ്പെടുകയുമില്ല.

ഫഉമ്മുഹു ഹാവിയ എന്നത് തിന്മയനുസരിച്ച് ജീവിച്ചവർക്കുള്ള സങ്കേതത്തെ സൂചി പ്പിച്ചുകൊണ്ട് പറഞ്ഞതാണ്. അവൻെറ സങ്കേതം ഹാവിയ ആകുന്നു എന്നർഥം. ഒരാൾ ക്ക് അവസാനം ചെന്നെത്താനുള്ള സങ്കേതത്തിനെയാണത് സൂചിപ്പിക്കുന്നത്. അതിൽനി ന്നയാൾക്ക് മോചനം ഉണ്ടാവുകയില്ല. അഗാധമായ ഗർത്തവും ആളിക്കത്തുന്ന തീജ്വാ ലകളും ആ സങ്കേതത്തിൻെറ പ്രത്യേകതകളാണ്.

ഒരാൾ, അയാൾ ഏകദൈവത്തെ അംഗീകരിക്കുകയോ അംഗീകരിക്കാതിരിക്കുകയോ ചെയ്യട്ടെ, തൻെറ തുഛമായ ആയുഷ്കാലം എങ്ങനെ ചെലവഴിച്ചു എന്നതിൻെറ വിചാരണയുടെ ഫലമാണ് പരലോകത്തെ അവസാനം സങ്കേതങ്ങൾ. പിടിവാശിയും വ്യക്തിതാല്പര്യങ്ങളും വെടിഞ്ഞ് ഏകദൈവത്തെ അംഗീകരിക്കുകയും അവൻെറ നിർ ദ്ദേശങ്ങൾക്കൊത്ത് ജീവിക്കുകയും ചെയ്താൽ അവൻെറ സങ്കേതം ഏഴാം വചനത്തിൽ സൂചിപ്പിച്ചതുപോലെ തികച്ചും സംതൃപ്തമായിരിക്കും. നേർവിപരീതമായി ദേഹേഛക്കും ഭൗതികപ്രമത്തതക്കും വഴിപ്പെട്ട് യഥേഷ്ടം ജീവിച്ചവനാണെങ്കിൽ അവൻെറ ശാശ്വത സങ്കേതം നരകമായിരിക്കും. തൻെറ ഭൗതിക സ്വാധീനവും പണവും പ്രതാപവും ഏക ദൈവത്തെക്കൂടാതെ അവൻ വെച്ചുപൂജിച്ച ദൈവങ്ങളൊന്നും അവിടെ അവന് ഒട്ടും ഉപകരിക്കുകയില്ല.